"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പൊതുവിഭാഗം സാധാരണവിഹിതം, പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്, തനത് ഫണ്ട് എന്നിവയിൽ ലഭ്യമായ തുകയിൽ നിന്നും സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം നടപ്പാക്കുന്നതിന്റെ ഭാഗമായി ഹരിത കർമ്മ സേനകൾക്ക് സ്മാർട്ട് ഫോൺ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഓഫീസ് ആവശ്യത്തിനായി ലാപ് ടോപ്പ് എന്നിവ ലഭ്യമാക്കുന്നതിനും കെൽട്രോണിന് സർവ്വീസ് ചാർജ് നൽകുന്നതിനും ഫണ്ട് അനുവദിക്കുന്നതിനായി പ്രോജക്ട് ഏറ്റെടുക്കുന്നതിനു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി - ഉത്തരവ് - പുറപ്പെടുവിക്കുന്നു

---

തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്

G.O.(Rt)No.2307/2021/LSGD തീയതി,തിരുവനന്തപുരം, 18/11/2021

---

പരാമർശം:-
1. 21.10.2020 - ലെ GO(Rt) No.1967/2020/LSGD നമ്പർ ഉത്തരവ്
2. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 28.10.2021-ലെ 2894/D1/2021/SM നമ്പർ കത്ത്.
3. സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് കൺവീനറുടെ 06.11.2021-ലെ 683/SRG/2021 നമ്പർ കത്ത്.

**ഉത്തരവ്**

ഹരിതകേരളം മിഷന് വേണ്ടി കെൽട്രോൺ വികസിപ്പിച്ചിട്ടുള്ള സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം സോഫ്റ്റ് വെയർ മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ/പദ്ധതികൾ മോണിറ്റർ ചെയ്യുന്നതിനും ഏകോപിപ്പിക്കുന്നതിനുമുള്ള പദ്ധതിക്ക് അംഗീകാരം നൽകി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. കെൽട്രോണിന്റെ ആഭിമുഖ്യത്തിൽ ഹരിത കേരള മിഷൻ, ശുചിത്വ മിഷൻ എന്നിവ മുഖേന നടപ്പാക്കുന്ന Smart Garbage App പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ 300 ഗ്രാമപഞ്ചായത്തുകളിലും, 6 കോർപ്പറേഷനുകളിലും, 70 മുനിസിപ്പാലിറ്റികളിലും മൊബൈൽ ആപ് പ്രവർത്തനം തുടങ്ങുകയും ബന്ധപ്പെട്ടവർക്ക് പരിശീലനം നടത്തുകയും ചെയ്യേണ്ടത് ആവശ്യമാണ് എന്നും ഇതിനായി ഹരിത കർമ്മ സേനകൾക്ക് സ്മാർട്ട് ഫോൺ, ഓഫീസിലേക്കായി ലാപ് ടോപ്പ് എന്നിവ ലഭ്യമാക്കുന്നതിനും കെൽട്രോണിന് സർവീസ് ചാർജ്ജ് നൽകുന്നതിനും ഫണ്ട് കണ്ടെത്തേണ്ടതുണ്ട് എന്നും ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ലഭ്യമായ പതിനഞ്ചാം ധനകാര്യ കമ്മിഷൻ ഗ്രാന്റ് തുക,തനതു ഫണ്ട്, പ്ലാൻ ഫണ്ട് എന്നിവയിൽ ലഭ്യമായ തുകയിൽ നിന്നും ഈ തുക കണ്ടെത്താനാകുമെന്നും എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ഭേദഗതി സമയം അവസാനിച്ചതിനാൽ പുതിയതായി മേൽപ്പറഞ്ഞ സംവിധാനമൊരുക്കുന്നതിനായി പ്രോജക്ടുകളിൽ ഭേദഗതി ആവശ്യമായി വരുമെന്നും ആയതിന് അനുമതി നൽകണമെന്നും ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നു.

4. മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് കാര്യക്ഷമമായ മോണിട്ടറിംഗ് സംവിധാനം ഏർപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച സ്മാർട്ട് ഗാർജ് മോണിട്ടറിംഗ് സിസ്റ്റം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട പ്രോജക്ട് ഏറ്റെടുക്കുന്നതിന്, ആദ്യഘട്ടത്തിൽ ഈ സംവിധാനം നടപ്പാക്കുന്ന ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണെന്നും ആദ്യഘട്ടമെന്ന നിലയിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ നിലവിലുള്ള തദ്ദേശഭരണസ്ഥാപനങ്ങളിൽ മാത്രം നടപ്പാക്കുകയും ഈ സംവിധാനം പ്രവർത്തന സജ്ജമാണെന്ന് ഉറപ്പാക്കിയ ശേഷം മറ്റ് തദ്ദേശഭരണസ്ഥാപനങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതുമാകും ഉചിതമെന്നും പൊതുവിഭാഗം സാധാരണവിഹിതം, പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്, തനത് ഫണ്ട് എന്നിവ ഇതിന് വിനിയോഗിക്കാവുന്നതാണ് എന്നും സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് കൺവീനർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു. സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം നടപ്പാക്കുന്നതിനുള്ള പ്രോജക്ട് ഏറ്റെടുക്കുന്നതിനുള്ള അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നതിനൊപ്പം വാർഷിക പദ്ധതി ഭേദഗതിക്ക് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണെന്നും സ്മാർട്ട് ഗാർബേജ് ആപ്പ് സംബന്ധിച്ച വിഷയം കൂടി പ്രസ്തുത ഉത്തരവിൽ ഉൾപ്പെടുത്താവുന്നതുമാണെന്നും സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് കൺവീനർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പൊതുവിഭാഗം സാധാരണവിഹിതം, പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്, തനത് ഫണ്ട് എന്നിവയിൽ ലഭ്യമായ തുകയിൽ നിന്നും സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം നടപ്പാക്കുന്നതിന്റെ ഭാഗമായി ഹരിത കർമ്മ സേനകൾക്ക് സ്മാർട്ട് ഫോൺ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഓഫീസ് ആവശ്യത്തിനായി ലാപ് ടോപ്പ് എന്നിവ ലഭ്യമാക്കുന്നതിനും കെൽട്രോണിന് സർവീസ് ചാർജ്ജ് നൽകുന്നതിനും താഴെ പരാമർശിച്ചിട്ടുള്ള നിരക്കുകൾ പ്രകാരം ഫണ്ട് അനുവദിക്കുന്നതിനായി പ്രോജക്ട് ഏറ്റെടുക്കുന്നതിന് ആദ്യഘട്ടത്തിൽ ഈ സംവിധാനം നടപ്പാക്കാൻ തിരഞ്ഞെടുക്കപ്പെടുന്ന ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും അനുമതി നൽകി ഉത്തരവാകുന്നു.

| തദ്ദേശസ്വയംഭരണ സ്ഥാപനം | കെൽട്രോണിന് സർവീസ് ചാർജ്ജ് | QR കോഡ് തുക | SMS തുക | ലാപ്ടോപ്പ് മറ്റുള്ളവ | ആകെ നീക്കി വയ്ക്കേണ്ട തുക |
|---|---|---|---|---|---|
| കോർപ്പറേഷൻ ഒരു വർഷത്തേക്ക് | 1770000 | 400000 | 240000 | 1,000,00<br>(50000X 2 Nos.) | 2510000 |
| മുനിസിപ്പാലിറ്റി<br>6 മാസത്തേക്ക് | 649000 | 40000 | 24000 | 50000<br>(1 No.) | 763000 |
| ഗ്രാമപഞ്ചായത്ത്<br>6 മാസത്തേക്ക് | 135700 | 12000 | 7200 | 50000<br>(1 No.) | 204900 |

<u>Laptop - Minimum Specification</u>

Core i3, 8 GB RAM, 512 SSD or more

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

Shibi Abraham

Deputy Secretary

എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ ,തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ ,തിരുവനന്തപുരം.
പഞ്ചായത്ത്ഡയറക്ടർ ,തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ ,തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ ,തിരുവനന്തപുരം.
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പൽ കോർപ്പറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E& RSA) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ്:-

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി എ യ്ക്ക്